# മലബാറിലെ സാമ്രാജ്യത്വവിരുദ്ധ സമരം
# സാംസ്കാരിക-ദാർശനിക പരിസരം-2

കെ.ടി ഹുസൈൻ

**കോഴിക്കോട്** ഖാദി കുടുംബത്തിൽപെട്ട പല പണ്ഡിതന്മാരും പറങ്കി അധനിവേശത്തിനെതിരെയുള്ള ചെറുത്തുനിൽപിൽ നിർണായക പങ്കു വഹിച്ചിരുന്നു. അവരിൽ പ്രധാനിയായ ഖാദി അബ്ദുൽ അസീസ് സാമൂതിരിയുടെ അടുത്ത ഉപദേശകരിൽ ഒരാളായിരുന്നു. ചാലിയം യുദ്ധത്തിന്റെ മൂർധന്യത്തിൽ പറങ്കികൾ മുന്നോട്ടുവെച്ച സന്ധിനിർദേശത്തിനു പിറകിലെ കുതന്ത്രത്തെക്കുറിച്ച് സാമൂതിരിയെ ബോധ്യപ്പെടുത്തിയത് ഖാദി അബ്ദുൽ അസീസാണ്.

ഖാദി അബ്ദുൽ അസീസിന്റെ മകനാണ് *അൽ ഫത്ഹുൽ മുബീൻ* എന്ന് പേരുള്ള സമരകാവ്യത്തിന്റെ രചയിതാവായ ഖാദി മുഹമ്മദ്. സാമൂതിരിയുടെ നായർ പടയാളികളും മുസ്‌ലിംകളും ചേർന്ന് 1571-ൽ പറങ്കികളുടെ ചാലിയം കോട്ട കീഴടക്കിയ ഐതിഹാസിക യുദ്ധത്തെ അടിസ്ഥാനമാക്കി രചിച്ച ഈ വിപ്ലവകാവ്യം സാമ്രാജ്യത്വവിരുദ്ധ പൊതുബോധം മുസ്‌ലിം ജനസാമാന്യത്തിൽ സൃഷ്ടിക്കുന്നതിൽ ഗണ്യമായ പങ്കു വഹിച്ചു. ചാലിയം കോട്ടയുടെ പതനം പോർച്ചുഗീസുകാരെ സംബന്ധിച്ചേടത്തോളം മാരകമായ പ്രഹരവും സാമൂതിരിക്കും മുസ്‌ലിംകൾക്കും വലിയ ആശ്വാസവുമായതുകൊണ്ടാണ്, ചാലിയം കോട്ട കീഴടക്കിയതിനെ 'ഫത്ഹുൽ മുബീൻ' (വ്യക്തമായ വിജയം) എന്നദ്ദേഹം വിശേഷിപ്പിച്ചത്. പറങ്കികളുടെ നിരന്തര ആക്രമണങ്ങൾക്കിരയായ മുസ്‌ലിംകളെ രക്ഷിക്കേണ്ട മതപരമായ ബാധ്യത ഉണ്ടായിട്ടും, പ്രബല മുസ്‌ലിം ഭരണകൂടങ്ങൾ കൈയും കെട്ടി നോക്കി നിൽക്കുന്നതിൽ സൈനുദ്ദീൻ മഖ്ദൂമിനെപ്പോലെ ഖാദി മുഹമ്മദും നിരാശനും കുപിതനുമായിരുന്നു. ഈ പശ്ചാത്തലത്തിൽ മുസ്‌ലിമല്ലാതിരുന്നിട്ടുപോലും മുസ്‌ലിംകളുടെ ചെറുത്തുനിൽപിന് സർവ പിന്തുണയും നൽകിയ സാമൂതിരിയെ മുക്തകണ്ഠം പ്രശംസിച്ചാണ് കവിത ആരംഭിക്കുന്നത്. അതിന്റെ പരിഭാഷ ഇപ്രകാരം വായിക്കാം:

*മുസ്‌ലിംകളായുള്ള രാജാക്കന്മാരാരും*
*മുസ്‌ലിംകൾക്കായി യുദ്ധം ചെയ്തിടാതെ*
*കാഫിറുകളോടൊത്ത് സന്ധിബന്ധത്തിലായി*
*കൈകോർത്ത് കാലം കഴിച്ചിടുമ്പോൾ*
*ഇസ്‌ലാം മതത്തിനും ഹിന്ദുമതത്തിനും*
*വേണ്ടിയൊരുപോലെ പോരാടിടും*
*സാമൂതിരി തൻ യുദ്ധകഥ കേൾപ്പിൻ*
*സാമൂതിരിക്കായ് സദാ പ്രാർഥിച്ചിടിൻ*
*ഹിന്ദുവായുള്ളോരീ രാജാവിനെക്കണ്ട്*
*പാഠം പഠിക്കുവിൻ സുൽത്താന്മാരേ.*

ചാലിയം യുദ്ധമാണ് ഇതിവൃത്തമെങ്കിലും കേരളചരിത്രത്തിലെ പല സുപ്രധാന അധ്യായങ്ങളിലേക്കും വെളിച്ചം വീശുന്ന രേഖയാണ് *ഫത്ഹുൽ മുബീൻ.* മഖ്ദൂമിനെപ്പോലെ പോർച്ചുഗീസ് കിരാതകൃത്യങ്ങൾ നേരിട്ടനുഭവിച്ച അദ്ദേഹം അവർക്കെതിരെ ആയുധമെടുത്ത് പൊരുതുകയും ചെയ്തിട്ടുണ്ട്.

ഒന്നര നൂറ്റാണ്ട് നീണ്ടുനിന്ന മുസ്‌ലിം-പറങ്കി യുദ്ധത്തിൽ അപരിഹാര്യമായ ഒട്ടേറെ നഷ്ടങ്ങൾക്കും ദുരന്തങ്ങൾക്കും മുസ്‌ലിംകൾ ഇരയായി. എങ്കിലും ഇന്ത്യയിലെ പോർച്ചുഗീസ് മേൽക്കോയ്മയുടെ നട്ടെല്ല് തകർത്തത് അവരുടെ ഒടുങ്ങാത്ത സമരവീര്യവും ധീരോദാത്തമായ ചെറുത്തുനിൽപുമാണെന്ന കാര്യം നിസ്തർക്കമത്രെ. തങ്ങളെ സർവവിധത്തിലും സഹായിച്ച സാമൂതിരി പല കാരണങ്ങളാൽ ചില സന്ദർഭങ്ങളിൽ പറങ്കികളുമായി ഒത്തുതീർപ്പുകൾക്ക് തയാറായപ്പോൾ രാജാവിനോടുള്ള കൂറു കൊണ്ടു മാത്രം ആയുധം താഴെവെക്കാൻ അവർ തയാറായെങ്കിലും പോർച്ചുഗീസ് മേൽക്കോയ്മയെ ഒരിക്കലും അവർ അംഗീകരിച്ചില്ല. മുസ്‌ലിംകളെ തകർക്കാനും നശിപ്പിക്കാനും ഏതറ്റംവരെ പോകാനും മടിക്കാതിരുന്ന പറങ്കി കാപാലികരോട്, രാജാവ് സന്ധിക്ക് തയാറാകുന്നത് തങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതായിട്ടു പോലും അതിനോട് സഹകരിക്കാൻ അവർ തയാറായത് തങ്ങളുടെ നിലപാടിനെ ഉറപ്പിച്ചുനിർത്തിയ അടിത്തറ ഇസ്‌ലാമികമായതുകൊണ്ടാണ്. സാമൂതിരി പൂർണമായും ശത്രുപക്ഷത്തേക്ക് നീങ്ങി എന്നുറപ്പായ ഘട്ടത്തിൽ ഗത്യന്തരമില്ലാതെ കുഞ്ഞാലി നാലാമൻ പറങ്കികളോട് ഒറ്റക്ക് യുദ്ധം ചെയ്തതാണ് ഇതിനുള്ള ഏക അപവാദം. എന്നാൽ, യുദ്ധത്തിനൊടുവിൽ സാമൂതിരിയെ രാജാവായി അംഗീകരിച്ചുകൊണ്ട് അദ്ദേഹത്തിനു മുന്നിൽ കീഴടങ്ങുകയാണ് കുഞ്ഞാലി നാലാമനും ചെയ്തത്. കീഴടങ്ങിയ കുഞ്ഞാലിയെ പോർച്ചുഗീസുകാർക്ക് കൈമാറിയ സാമൂതിരിയുടെ നടപടിയെ അദ്ദേഹത്തിന്റെ നായർ പടയാളികൾ ചോദ്യംചെയ്യുകയും കുഞ്ഞാലിയെ രക്ഷിക്കാൻ

**ഇസ്‌ലാമിന്റെ വിമോചനാത്മക ഉള്ളടക്കത്തെയും അതിന്റെ സാംസ്കാരിക പൈതൃകത്തെയും, സാമ്രാജ്യത്വത്തിനും അവർ താങ്ങിനിർത്തുന്ന ജന്മിത്തത്തിനുമെതിരെ സമരായുധമാക്കിയ ധിഷണാശാലിയായ പണ്ഡിതനാണ് മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ. മമ്പുറം അലവി തങ്ങളുടെ പുത്രനായ ഇദ്ദേഹം എഴുതി പ്രചരിപ്പിച്ച *ഉദ്ദത്തുൽ ഉമറാഅ്* ഇസ്‌ലാമിന്റെ സമരപാഠങ്ങൾ ആഴത്തിലും പരപ്പിലും വിശകലനം ചെയ്യുന്ന കൃതിയത്രെ. കേവല വൈകാരികതയിൽ കാലൂന്നിക്കൊണ്ട് ബ്രിട്ടീഷ് രാജിനെതിരെ ജിഹാദിന് ആഹ്വാനം ചെയ്യുന്ന രചനയല്ല ഇത്. മറിച്ച്, ജിഹാദിന്റെ മുന്നുപാധികളായ പ്രബോധനം, സംസ്കരണം തുടങ്ങിയവയുടെ പ്രാധാന്യം എടുത്തോതി ജിഹാദിനെ അതുമായി മുൻഗണനാക്രമത്തിൽ കണ്ണിചേർക്കുകയാണ് അദ്ദേഹം ചെയ്തത്.**

ശ്രമിക്കുകയും ചെയ്തു. ഏറെ പണിപ്പെട്ടാണ് സാമൂതിരി തന്റെ നായർപടയെ നിയന്ത്രിച്ചത്. പറങ്കികൾക്കെതിരെയുള്ള മുസ്‌ലിം ചെറുത്തുനിൽപിന്റെ പ്രാധാന്യം പ്രമുഖ ചരിത്രകാരൻ എം.ജി.എസ്. നാരായണന്റെ വാക്കുകളിൽ: "പോർച്ചുഗീസുകാരോട് ആദ്യം മുതൽ അവസാനം വരെ എതിർത്തുനിന്നത് സാമൂതിരിയാണ്. ഇടക്കിടെ സാമൂതിരിയുടെ ദൂരദൃഷ്ടി ഒട്ടൊന്നു മങ്ങിയ വേളയിൽപോലും, ആ ദുരമൂത്ത വഞ്ചകപ്പടയെ കേരളത്തിന്റെ ഫലഭൂയിഷ്ഠമായ മണ്ണിൽനിന്നും അകറ്റിനിർത്തി മാതൃഭൂമിയുടെ മാനം കാത്തത് അദ്ദേഹത്തിന്റെ സാമന്തന്മാരായ മലബാറിലെ മാപ്പിളമാരത്രെ. കോളനി വാഴ്ചക്കെതിരായ സമരത്തിന്റെ ഒരു ഉജ്ജ്വല മാതൃക അവർ കേരളചരിത്രത്തിലെഴുതിച്ചേർത്തു. അതല്ലെങ്കിൽ ഇന്നത്തെ ഗോവ കോഴിക്കോടാകുമായിരുന്നു. പരശുരാമ ക്ഷേത്രമാകെ വാസ്കോഡിഗാമ സംസ്ഥാനമാകുമായിരുന്നു. ഒരുപക്ഷേ, ബ്രിട്ടീഷിന്ത്യക്കുപകരം പോർച്ചുഗീസ് ഇന്ത്യയും" (*പറങ്കികളുടെ ഇന്ത്യ* എം.ജി.എസ്. നാരായണൻ).

പറങ്കികളുമായി ചേർന്ന് കുഞ്ഞാലി മരക്കാർക്കെതിരെ യുദ്ധം ചെയ്യുകയും അദ്ദേഹത്തെ പോർച്ചുഗീസുകാർക്ക് കൈമാറുകയും ചെയ്ത സാമൂതിരിയുടെ നടപടിയിൽ മലബാറിലെ മുസ്‌ലിംകൾക്ക് കടുത്ത അമർഷവും നീരസവുമുണ്ടാവുക സ്വാഭാവികം. അതിനാൽ അവർ പണ്ടത്തെപ്പോലെ കൂറോ ആദരവോ സാമൂതിരിയോട് പുലർത്തിയിരുന്നില്ല. എന്നിട്ടും മറ്റൊരു വൈദേശിക ശക്തിയായ ഡച്ചുകാർ 1667-ൽ മലബാർ ആക്രമിച്ചപ്പോൾ മരക്കാർ കുടുംബത്തിലെ കുട്ടിയത്തനും കുഞ്ഞിക്കോതിയും പഴയ വൈരം മറന്ന് സാമൂതിരിയുടെ നാവികപ്പടയുടെ നേതൃത്വം ഏറ്റെടുത്തുകൊണ്ട് ഡച്ചുകാർക്കെതിരെ പോരാടുകയുണ്ടായി. സാമ്രാജ്യത്വം പോലുള്ള പൊതുശത്രുവിന്റെ ആക്രമണമുണ്ടാകുമ്പോൾ പരസ്പരമുള്ള വിദ്വേഷത്തിനും ശത്രുതക്കും വിലകൽപിക്കരുതെന്ന ഇസ്‌ലാമികപാഠമാണ് അതിനവരെ പ്രേരിപ്പിച്ചത്.

കുഞ്ഞാലി മരക്കാർക്കെതിരെ സാമൂതിരിയും പറങ്കികളും ഒന്നിച്ചതിന്റെ ഏറ്റവും വലിയ പ്രത്യാഘാതം, നൂറ്റാണ്ടുകളായി മുസ്‌ലിംകളും നായന്മാരും തമ്മിൽ നിലനിന്ന സൗഹൃദം തകർന്നതും അവർ പരസ്പരം അവിശ്വാസത്തോടെ വീക്ഷിക്കാൻ തുടങ്ങിയതുമാണ്. ഇത് മലബാറിന്റെ സാമൂഹികാന്തരീക്ഷത്തെ കലുഷമാക്കിയ പല കലാപങ്ങൾക്കും വഴിവെച്ചു. മുസ്‌ലിംകളുടെ വ്യാപാരക്കുത്തക തകർന്നതിനാൽ അവരെ പണ്ടത്തെപ്പോലെ അധികാരിവർഗം ഗൗനിക്കുകയോ പരിഗണിക്കുകയോ ചെയ്യാതെയായി. മുസ്‌ലിംകളുടെ ശ്രദ്ധ മുഴുവൻ വ്യാപാരത്തിലായിരുന്നതിനാൽ കൃഷിയെ അവർ പൂർണമായും അവഗണിച്ചിരുന്നു. അതിനാൽ കൃഷിയിൽ അവർക്ക് യാതൊരു പങ്കുമുണ്ടായിരുന്നില്ല. കൃഷിഭൂമിയുടെ സിംഹഭാഗവും വൻകിട ഹിന്ദു ജന്മിമാരുടെ കൈവശമായി. അവരുടെ കീഴിൽ കുടിയാന്മാരായി മാറിയ മുസ്‌ലിംകൾ എല്ലാ വിധത്തിലും ചൂഷണത്തിനും പീഡനത്തിനും ഇരയായി. സ്വന്തം ജീവൻ പോലും സുരക്ഷിതമല്ലാത്ത അവസ്ഥ. ഈ അവസ്ഥയിൽ ആത്മരക്ഷാർഥം ചിലപ്പോഴൊക്കെ അവർക്ക് ആയുധമെടുക്കേണ്ടിവന്നിട്ടുണ്ട്. ജീവൻ രക്ഷിക്കാൻ നടത്തുന്ന പോരാട്ടം ജിഹാദാണെന്നും അതിൽ മരണപ്പെട്ടാൽ രക്തസാക്ഷിത്വം ലഭിക്കുമെന്നുമുള്ള ഇസ്‌ലാമികപാഠം തന്നെയായിരുന്നു ഈ നിസ്സഹായാവസ്ഥയിലും അവർക്ക് പ്രചോദനം. രക്തസാക്ഷികളെ പ്രകീർത്തിക്കുന്ന പടപ്പാട്ടുകളും അക്കാലത്ത് വൻതോതിൽ പ്രചരിച്ചു. ഈ സംഘട്ടനത്തിൽ ഒരു ഭാഗത്തുള്ള ജന്മികൾ ഹിന്ദുക്കളും മറുഭാഗത്തുള്ള കുടിയാന്മാർ മുസ്‌ലിംകളുമായതിനാൽ പിൽക്കാലത്ത് അതിന് വർഗീയനിറം നൽകപ്പെട്ടുവെങ്കിലും അതൊരിക്കലും മതസംഘർഷമോ വർഗീയ സംഘട്ടനമോ ആയിരുന്നില്ല, ജന്മി-കുടിയാൻ സംഘട്ടനം മാത്രമായിരുന്നു. ഈ സംഘട്ടനങ്ങളിൽ ഏറെ പ്രശസ്തമായത് 1728-ൽ മലപ്പുറത്ത് പാറനമ്പി എന്ന നമ്പൂതിരി ജന്മിയും മുസ്‌ലിംകളും തമ്മിൽ നടന്നതാണ്. ജന്മിയുടെ സൈനികരിൽ ഒരാളായ അലി മരക്കാരും ജന്മിയുമായുണ്ടായ വഴക്കിൽ അലി മരക്കാർ കൊല്ലപ്പെടുകയും പാറനമ്പിയുടെ കുടിയാന്മാരായ എല്ലാ മുസ്‌ലിംകളും കുടിയിറക്കപ്പെടുകയും ചെയ്ത സംഭവത്തെത്തുടർന്നായിരുന്നു ഈ സംഘട്ടനം. മലപ്പുറം പള്ളി കേന്ദ്രീകരിച്ച് നടന്ന ഈ സംഘട്ടനത്തിൽ പള്ളി അഗ്നിക്കിരയാക്കപ്പെടുകയും 44 മുസ്‌ലിംകൾ കൊല്ലപ്പെടുകയും ചെയ്തു. എന്നാൽ പിൽക്കാലത്ത് തന്റെ ചെയ്തിയിൽ പശ്ചാത്താപം തോന്നിയ പാറനമ്പി തകർന്ന പള്ളി പുതുക്കിപ്പണിയുകയും കുടിയിറക്കപ്പെട്ട മുസ്‌ലിംകളെയെല്ലാം പുനരധിവസിപ്പിക്കുകയും ചെയ്ത കാര്യം കൂടി ഓർക്കേണ്ടതുണ്ട്. മഹാകവി മോയിൻകുട്ടി വൈദ്യരുടെ *മലപ്പുറം പടപ്പാട്ട്* ഈ സംഭവത്തെ അടിസ്ഥാനമാക്കിയുള്ള രചനയാണ്. അടുത്തകാലം വരെ നടന്നിരുന്ന മലപ്പുറം നേർച്ച ഈ രക്തസാക്ഷികളുടെ പേരിലായിരുന്നു. അതുപോലെ 1754-ൽ തിരൂരങ്ങാടി പള്ളി പിടിക്കാനുള്ള സാമൂതിരിയുടെ നായർ പടയാളികളുടെ ശ്രമത്തെയും മുസ്‌ലിംകൾ ചെറുത്തുതോൽപിച്ചു. ആദർശപ്രചോദിതമായ ഏതോ അർഥത്തിലുള്ള സമരവീര്യം ഈ ദുർബലാവസ്ഥയിലും മുസ്‌ലിംകൾക്ക് കൈമോശം വന്നിരുന്നില്ല എന്നാണിത് സൂചിപ്പിക്കുന്നത്.

* * * *

ഇപ്രകാരം 17-ഉം 18-ഉം നൂറ്റാണ്ടുകളിൽ ജന്മിത്ത-നാടുവാഴിത്ത വ്യവസ്ഥയുടെ കടുത്ത ചൂഷണത്തിനും അനീതിക്കും ഇരയായ മുസ്‌ലിംകൾക്ക് അൽപമെങ്കിലും ആശ്വാസം ലഭിച്ചത് 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ മലബാറിൽ മൈസൂർ ആധിപത്യം വന്നതിനു ശേഷമാണ്. ജന്മിത്ത-നാടുവാഴിത്ത വ്യവസ്ഥയുടെ നൃശംസ്യമായ സാമൂഹിക-സാമ്പത്തിക ബന്ധങ്ങളെ തന്റെ വിപ്ലവകരമായ ഭൂപരിഷ്കരണ നടപടികളിലൂടെ ടിപ്പുസുൽത്താൻ തകർത്തത് മുസ്‌ലിംകളടക്കമുള്ള കുടിയാന്മാർക്ക് വലിയ ആശ്വാസമായി. പക്ഷേ, കുറഞ്ഞ കാലയളവു മാത്രമേ ഈ ഭരണം നിലനിന്നുള്ളൂ. 1792-ൽ

ശ്രീരംഗപട്ടണം ഉടമ്പടിയിലൂടെ മലബാർ സമ്പൂർണമായും ബ്രിട്ടീഷ് രാജിനു കീഴിലായി. തങ്ങളുടെ സാമ്രാജ്യത്വ അജണ്ട നടപ്പിലാകണമെങ്കിൽ ഭൂപ്രഭുക്കളുടെ പിന്തുണയും സഹായവും കൂടിയേ തീരൂ എന്നറിയാമായിരുന്ന ബ്രിട്ടീഷുകാർ ടിപ്പു സുൽത്താൻ തകർത്ത ജന്മിത്ത-നാടുവാഴിത്ത വ്യവസ്ഥ പൂർവാധികം ശക്തിയോടെ പുനഃസ്ഥാപിച്ചത് മുസ്‌ലിംകളെ വീണ്ടും ദുരിതങ്ങളുടെ നടുക്കയത്തിലാക്കി. മലബാർ മുസ്‌ലിംകളിൽ ഭൂരിപക്ഷവും ടിപ്പുവിനെ പിന്തുണച്ചിരുന്നതിനാൽ അവരോട് ബ്രിട്ടീഷുകാർക്ക് പ്രത്യേകം പകയുണ്ടായിരുന്നു. പോരാത്തതിന് കുരിശുയുദ്ധത്തിന്റെ ശേഷിപ്പായ ഇസ്‌ലാംവിദ്വേഷത്തിന് ഇതര പാശ്ചാത്യരെപ്പോലെ ബ്രിട്ടീഷുകാരും അടിപ്പെട്ടത് ഈ പകയെ കൂടുതൽ ഉത്തേജിപ്പിക്കുകയും ചെയ്തു. അതിനാൽ മാപ്പിളമാരടക്കം അധഃസ്ഥിത വിഭാഗങ്ങൾക്ക് ടിപ്പുവിന്റെ ഭൂപരിഷ്കരണ നടപടികളിലൂടെ ലഭിച്ച ഭൂമിയും മറ്റു സ്വത്തുക്കളും പിടിച്ചെടുക്കാനുള്ള നിയമങ്ങൾക്ക് അവർ രൂപം കൊടുത്തു. മേൽചാർത്ത്, മരണക്കരം, ഭൂമിയൊഴിപ്പിക്കൽ പോലുള്ള കരിനിയമങ്ങൾ യാതൊരു തത്ത്വദീക്ഷയും കൂടാതെ അവർക്കുമേൽ നടപ്പാക്കപ്പെട്ടു. ഇതിലൂടെ ഇരുപതും മുപ്പതും കൊല്ലം കൈവശം വെച്ച് സ്വന്തമായി അനുഭവിച്ചിരുന്ന കൃഷിഭൂമി അവർക്ക് നഷ്ടപ്പെട്ടു.

നാടുവാഴികളെ മുന്നിൽനിർത്തി ബ്രിട്ടീഷ് സാമ്രാജ്യത്വം അടിച്ചേൽപിച്ച ഈ അന്യായത്തിനും അക്രമത്തിനുമെതിരെ 19-ാം നൂറ്റാണ്ടിലുടനീളം രക്തരൂഷിതമായ നിരവധി പ്രക്ഷോഭങ്ങൾ മലബാറിൽ അരങ്ങേറുകയുണ്ടായി. മലബാർ ലഹള എന്ന പേരിൽ വിശ്രുതമായ 1921-ലെ അതിശക്തമായ സാമ്രാജ്യത്വവിരുദ്ധ സമരം, 19-ാം നൂറ്റാണ്ടിൽ നടന്ന നിരന്തരമായ സമരങ്ങളുടെ സ്വാഭാവിക തുടർച്ചയും ചരിത്രപരമായ വികാസവുമാണ്. ഈ സമരങ്ങളുടെയെല്ലാം പ്രത്യക്ഷ കാരണം സാമ്പത്തികമോ കാർഷികമോ ആയ പ്രശ്നങ്ങളായിരിക്കാം. എങ്കിലും അതിനെ ത്വരിപ്പിക്കുകയും തളരാതെ നിലനിർത്തുകയും ചെയ്ത ഘടകം അക്രമത്തെയും ചൂഷണത്തെയും അധീശത്വത്തെയും പൊറുപ്പിക്കാത്ത ഇസ്‌ലാമിന്റെ വിമോചനപരമായ ഉള്ളടക്കമായിരുന്നു എന്നതിൽ സംശയമില്ല. ഈ ഉള്ളടക്കം സാമാന്യ ജനത്തിന് മനസ്സിലാകുംവിധം വിശദീകരിച്ചും വ്യാഖ്യാനിച്ചും സാമ്രാജ്യത്വവിരുദ്ധ പൊതുബോധം സമൂഹത്തിൽ സൃഷ്ടിക്കാൻ പോർച്ചുഗീസ് കാലത്ത് മഖ്ദൂം പണ്ഡിതന്മാരുണ്ടായിരുന്നതുപോലെ ഈ കാലഘട്ടത്തിൽ മമ്പുറം തങ്ങന്മാരെപ്പോലുള്ള പരിഷ്കർത്താളുമുണ്ടായി എന്നത്, ഈ സമരങ്ങൾക്ക് ആശയാടിത്തറയും ദിശാബോധവും നൽകിയ ഘടകമാണ്. മഖ്ദൂമുമാരെപ്പോലെ മമ്പുറം തങ്ങന്മാരും ജനങ്ങളെ സമരസജ്ജരാക്കാൻ സാഹിത്യം ആയുധമാക്കി. മമ്പുറം സയ്യിദ് അലവി തങ്ങൾ അറബിയിലെഴുതിയ *സൈഫുൽ ബത്താർ* എന്ന സമരകൃതി ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ മുസ്‌ലിംകളിൽ സമരാഗ്നി ആളിക്കത്തിച്ചു. ഈ കൃതി നിരോധിച്ച ഇംഗ്ലീഷുകാർ ഓരോ വീട്ടിലും കയറിയിറങ്ങി അതിന്റെ പ്രതികൾ കണ്ടെടുത്ത് നശിപ്പിച്ചു. ഒരു പ്രതി ആരും കാണാതെ സൂക്ഷിച്ച അദ്ദേഹത്തിന്റെ പുത്രൻ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ പിൽക്കാലത്ത് അത് തുർക്കിയിലെ ഇസ്തംബൂളിൽനിന്ന് പ്രസിദ്ധീകരിച്ചു. വൈദേശിക ഭീകരവാഴ്ചയോട് മുസ്‌ലിംകൾ സ്വീകരിക്കേണ്ട സമീപനം എന്തായിരിക്കണം എന്നതിനാണ് ഈ കൃതി ഊന്നൽ നൽകുന്നത്. രാഷ്ട്രീയ- സൈനിക-നിയമ-സാമ്പത്തിക രംഗങ്ങളിലെല്ലാം ബ്രിട്ടീഷ് രാജിനെ ബഹിഷ്കരിക്കണമെന്നദ്ദേഹം ആഹ്വാനം ചെയ്തു. കർമശാസ്ത്രത്തിന്റെ അക്ഷരങ്ങൾക്കപ്പുറം ബഹിഷ്കരണത്തിന്റെയും വലിച്ചെറിയലിന്റെയും രാഷ്ട്രീയം തിരിച്ചറിഞ്ഞ ഒരു പണ്ഡിതനിൽനിന്നുണ്ടായ വിപ്ലവകരമായ ആഹ്വാനമത്രെ ഇത്. മഖ്ദൂമിനെപ്പോലെ മമ്പുറം തങ്ങളും ഇസ്‌ലാമിനെ ആചാരങ്ങളിൽ തളച്ചിട്ട കേവലാർഥത്തിലുള്ള മതപണ്ഡിതനായിരുന്നില്ല. മറിച്ച് ഖുർആനും സുന്നത്തും ആയുധമാക്കി സമുദായ പരിഷ്കരണത്തിന് മുന്നിട്ടിറങ്ങുകയും പ്രസ്തുത പരിഷ്കരണത്തെ സമുദായത്തിന്റെ രാഷ്ട്രീയ അതിജീവനത്തിന് ഇന്ധനമാക്കുകയും ചെയ്ത നവോത്ഥാന നായകനായിരുന്നു. മതം അദ്ദേഹത്തിന് സ്വകാര്യ ഏർപ്പാടോ ആത്മീയ വ്യവസായത്തിനുള്ള ഉരുപ്പടിയോ ആയിരുന്നില്ല. പ്രത്യുത, സാമൂഹിക ഇടപെടലിന്റെ ചാലകശക്തിയും വിമോചനത്തിന്റെ ഉണർത്തുപാട്ടുമായിരുന്നു. *സൈഫുൽ ബത്താർ* പുറത്തുവന്നതിനുശേഷമാണ് 1843-ലെ ചേറൂർ പട നടന്നത്. ഈ കൃതി ഉണർത്തിവിട്ട സമരോത്സുകത ചേറൂർ പോരാളികളെ സ്വാധീനിച്ചിട്ടുണ്ടാകാം. ഏഴു മുസ്‌ലിംകളും അവരെ നേരിടാൻ ക്യാപ്റ്റൻ ലീഡിന്റെ നേതൃത്വത്തിൽ വന്ന അഞ്ചാം മദിരാശി പടയിലെ 60 ഭടന്മാരും തമ്മിൽ ഏറ്റുമുട്ടിയ ഐതിഹാസിക പോരാട്ടമാണ് ചേറൂർ പട. ഇതിൽ ഒരു സുബേദാറും മൂന്നു ഭടന്മാരും കൊല്ലപ്പെടുകയും ഒരു ഇംഗ്ലീഷുകാരനും അഞ്ചു ഭടന്മാർക്കും ഏഴു താലൂക്ക് ശിപായിമാർക്കും പരിക്കേൽക്കുകയും ചെയ്തു. മുസ്‌ലിംകൾ ഏഴു പേരും രക്തസാക്ഷികളായി. ഈ യുദ്ധത്തിൽ മമ്പുറം തങ്ങൾ നേരിട്ട് പങ്കെടുത്തിരുന്നുവെന്നും അതിൽ കാലിന്റെ തുടക്കേറ്റ വെടിയുണ്ട മൂലമുണ്ടായ വ്രണമാണ് അദ്ദേഹത്തിന്റെ മരണത്തിൽ കലാശിച്ചതെന്നും പറയപ്പെടുന്നു. പ്രശസ്തമായ *ചേറൂർ ചിന്തും ചേറൂർ പടയും* ഈ യുദ്ധത്തെ അടിസ്ഥാനമാക്കിയുള്ള പടപ്പാട്ടുകളാണ്.

ഇസ്‌ലാമിന്റെ വിമോചനാത്മക ഉള്ളടക്കത്തെയും അതിന്റെ സാംസ്കാരിക പൈതൃകത്തെയും, സാമ്രാജ്യത്വത്തിനും അവർ താങ്ങിനിർത്തുന്ന ജന്മിത്തത്തിനുമെതിരെ സമരായുധമാക്കിയ ധിഷണാശാലിയായ പണ്ഡിതനാണ് മമ്പുറം സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ. മമ്പുറം അലവി തങ്ങളുടെ പുത്രനായ ഇദ്ദേഹം എഴുതി പ്രചരിപ്പിച്ച *ഉദ്ദത്തുൽ ഉമറാഅ്* ഇസ്‌ലാമിന്റെ സമരപാഠങ്ങൾ ആഴത്തിലും പരപ്പിലും വിശകലനം ചെയ്യുന്ന കൃതിയത്രെ. കേവല വൈകാരികതയിൽ കാലൂന്നിക്കൊണ്ട് ബ്രിട്ടീഷ് രാജിനെതിരെ ജിഹാദിന് ആഹ്വാനം ചെയ്യുന്ന രചനയല്ല ഇത്. മറിച്ച്, ജിഹാദിന്റെ മുന്നുപാധികളായ പ്രബോധനം, സംസ്കരണം തുടങ്ങിയവയുടെ പ്രാധാന്യം എടുത്തോതി ജിഹാദിനെ അതുമായി മുൻഗണനാക്രമത്തിൽ കണ്ണിചേർക്കുകയാണ് അദ്ദേഹം ചെയ്തത്. നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്ന ബാധ്യത പണ്ഡിതന്മാർ വിസ്മരിച്ചത്, ജീർണതകളുടെ പ്രചുരപ്രചാരം, അതിരുകളില്ലാത്ത ഭൗതിക തൃഷ്ണ തുടങ്ങിയവയാണ് സമുദായത്തിന്റെ അധഃപതനത്തിന് മൂലകാരണങ്ങളായി അദ്ദേഹം നിരീക്ഷിക്കുന്നത്. സയ്യിദ് ഫസൽ പൂക്കോയ തങ്ങളിലെ പരിഷ്കർത്താവിനെ കൃത്യമായി അടയാളപ്പെടുത്തുന്നതാണ് ഈ നിരീക്ഷണം.

## പാൻ ഇസ്‌ലാമിസം

സമകാലിക സാമൂഹിക-രാഷ്ട്രീയ സമസ്യകളെക്കുറിച്ച് സമുദായത്തിന് അവബോധം നൽകുന്നതായിരുന്നു അദ്ദേഹത്തിന്റെ ജുമുഅ ഖുത്വ്ബകൾ. ഇത് സാമ്പ്രദായിക മതപണ്ഡിതന്മാരിൽനിന്ന് അദ്ദേഹത്തെ വേറിട്ടുനിർത്തുന്നു. സയ്യിദ് ഫസലിന്റെ രാഷ്ട്രീയ ചിന്തയുടെ വേരുകൾ ജമാലുദ്ദീൻ അഫ്ഗാനിയുടെ പാൻ ഇസ്‌ലാമിസത്തിലാണെന്ന ചരിത്രകാരനായ സ്റ്റീഫൻ എഫ്. ഡെയിലിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. സയ്യിദ് ഫസലിന്റെ കാലത്തെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളുടെയെല്ലാം പിന്നിലെ ആശയസ്രോതസ്സും പ്രചോദനവും അദ്ദേഹത്തിന്റെ ചിന്തകളും വാക്കുകളുമായിരുന്നുവെന്നതിൽ

**പരമ്പരാഗത മതപണ്ഡിതന്മാരിൽനിന്ന് വേറിട്ട് സഞ്ചരിച്ച മമ്പുറം തങ്ങൾ മുതൽ അവുക്കോയ മുസ്ലിയാർ വരെയുള്ളവർ ഒരുക്കിയ ആശയപരിസരവും പടപ്പാട്ടുകളിലൂടെ പകർന്നുകിട്ടിയ പോരാട്ടവീര്യവും, ലോകമുസ്ലിംകളെ ഒന്നിപ്പിച്ചുനിർത്തിയ ഉസ്മാനിയാ ഖിലാഫത്തിന്റെ തകർച്ച സൃഷ്ടിച്ച മനോവ്യഥയും അത് പുനഃസ്ഥാപിക്കാനുള്ള ഉൽക്കടമായ ആഗ്രഹവും രാജ്യത്തിന്റെ സ്വാതന്ത്ര്യം എന്ന സ്വപ്നവും ഒരുമിച്ചുചേർന്ന് അതിശക്തമായ സാമ്രാജ്യത്വവിരുദ്ധ സമരമായി വികാസം പ്രാപിച്ചതാണ് 1921-ലെ മലബാർ സമരം.**

സംശയമില്ല. ഇതു തിരിച്ചറിഞ്ഞതുകൊണ്ടാണ് പിന്നീടൊരിക്കലും നാട്ടിലേക്ക് മടങ്ങിവരാൻ കഴിയാത്തവിധം ബ്രിട്ടീഷുകാർ അദ്ദേഹത്തെ നാടുകടത്തിയത്. ഫ്യൂഡൽ അധികാര വ്യവസ്ഥക്കും അതിന്റെ മൂല്യബോധത്തിനുമെതിരെ ഫസൽ പൂക്കോയ തങ്ങൾ ഉയർത്തിയ വെല്ലുവിളികളാണ് അധികാരികളെ ഏറ്റവും കൂടുതൽ പ്രകോപിപ്പിച്ചത്. ജന്മിമാരുടെ ഉഛിഷ്ടം ഭക്ഷിക്കരുതെന്നും അവരെ 'അങ്ങുന്ന്' എന്ന് സംബോധന ചെയ്യരുതെന്നും അദ്ദേഹം മുസ്ലിംകളെ ആഹ്വാനം ചെയ്തു. ദലിതുകളിൽനിന്ന് മതം മാറിയ മുസ്ലിംകൾ പഴയ ഉച്ചനീചത്വം അവശേഷിപ്പിച്ച മനോഘടന കാരണം ജന്മിമാരുടെ ഉഛിഷ്ടം ഭക്ഷിക്കുകയും അവരെ കണക്കിലധികം ബഹുമാനിക്കുകയും ചെയ്തിരുന്ന പശ്ചാത്തലത്തിലാണ് ഈ ആഹ്വാനം. അവരിൽ ഇസ്ലാമിക സ്വത്വബോധം കരുപ്പിടിപ്പിക്കുകയും അതിലൂടെ അവരെ ആത്മാഭിമാനികളും സ്വാതന്ത്ര്യബോധമുള്ളവരുമാക്കി മാറ്റുകയുമായിരുന്നു സയ്യിദ് ഫസലിന്റെ ലക്ഷ്യം. ജന്മിത്തത്തിനെതിരെ സമുദായ നവോത്ഥാനത്തിന്റെ ഭാഗമായി മുഴക്കപ്പെട്ട വിപ്ലവകരമായ ആഹ്വാനങ്ങളിലൊന്നായി അടയാളപ്പെടുത്തേണ്ട ഒന്നാണിത്. അങ്ങനെ അടയാളപ്പെടുത്തപ്പെടാതെ പോയത് നമ്മുടെ ചരിത്രവായനയെ സാമുദായികത സ്വാധീനിച്ചതുകൊണ്ടായിരിക്കാനേ തരമുള്ളൂ. ബലാൽക്കാരം കുടിയിറക്കുന്ന ജന്മിയെ കൊല്ലുന്നത് പാപമല്ലെന്ന അദ്ദേഹത്തിന്റെ പ്രസ്താവനയും അധികാരികളെ പ്രകോപിപ്പിച്ചു. ഈ പ്രസ്താവന പിൻവലിക്കാൻ അധികാരികൾ സമ്മർദം ചെലുത്തിയെങ്കിലും ഫസൽ പൂക്കോയ തങ്ങൾ വഴങ്ങിയില്ല. അദ്ദേഹമോ അദ്ദേഹത്തിന്റെ പിൻഗാമികളോ പിന്നീടൊരിക്കലും നാട്ടിൽ മടങ്ങിയെത്താതിരിക്കാൻ ബ്രിട്ടീഷുകാർ പുലർത്തിയ ജാഗ്രത, സാമ്രാജ്യത്വത്തിനും ജന്മിത്തത്തിനുമെതിരെ അദ്ദേഹം സ്വീകരിച്ച ആശയപരമായ ഉൾക്കരുത്തുള്ള നിലപാട് മലബാർ മുസ്ലിംകളിൽ സൃഷ്ടിക്കുന്ന സമരോത്സുകതയെക്കുറിച്ച അവരുടെ ഭയത്തിന്റെ സാക്ഷ്യമാണ്.

സാമ്പ്രദായിക മതപണ്ഡിതന്മാരിൽനിന്ന് വ്യത്യസ്തമായി കൊളോണിയൽ മേൽക്കോയ്മക്കെതിരെ ഇസ്ലാമിന്റെ വിപ്ലവാത്മകതയെ ഉയർത്തിപ്പിടിച്ച മറ്റൊരു പണ്ഡിതനാണ് മമ്പുറം അലവി തങ്ങളുടെ ശിഷ്യനായിരുന്ന വെളിയങ്കോട് ഉമർ ഖാദി. നികുതിനിഷേധമായിരുന്നു അദ്ദേഹത്തിന്റെ സമരായുധം. ഫലത്തിൽ ഇത് ബ്രിട്ടീഷ് രാജിനോടുള്ള നിസ്സഹകരണമായിരുന്നു. ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിനു എത്രയോ കാലങ്ങൾക്കു മുമ്പാണ് മലബാറിലെ ഒരു മതപണ്ഡിതൻ ഈ സമരായുധമെടുത്തുപയോഗിച്ചത്. നികുതി കൊടുക്കുകയില്ലെന്ന അദ്ദേഹത്തിന്റെ നിലപാടിനെ ചോദ്യംചെയ്ത കലക്ടറോടുള്ള അദ്ദേഹത്തിന്റെ പ്രതികരണം അധിനിവേശത്തോടുള്ള ഒരു യഥാർഥ മുസ്ലിമിന്റെ ആശയപരമായ നിലപാടിനെ ഉയർത്തിപ്പിടിക്കുന്നതാണ്: 'നിങ്ങൾ വഞ്ചനയിലൂടെയാണ് ഞങ്ങളുടെ നാട് കീഴടക്കിയത്. അതിനാൽ, ദൈവത്തിന്റെ ഭൂമിക്ക് ഞാൻ നികുതി കൊടുക്കില്ല.' വിട്ടുവീഴ്ചക്ക് തയാറാവാത്ത ഉമർ ഖാദിയെ കലക്ടർ ജയിലിലടച്ചു. ഇവരെക്കൂടാതെ പാണക്കാട് ഹുസൈൻ തങ്ങൾ, പുതിയങ്ങാടി തങ്ങൾ, മരക്കാരകത്ത് അവുക്കോയ മുസ്ലിയാർ തുടങ്ങിയവരും ഇസ്ലാമിക പ്രത്യയശാസ്ത്രത്തിന്റെ വിമോചനാത്മക ഉള്ളടക്കം പുനരുജ്ജീവിപ്പിച്ച് കൊളോണിയൽ ആധിപത്യത്തിനും ഭൂപ്രഭുത്വത്തിനുമെതിരെ പൊരുതുന്ന ഇസ്ലാമിനെ മലബാറിന്റെ ഉൾനാടുകളിൽ പ്രചരിപ്പിച്ച പണ്ഡിതന്മാരാണ്. ഇവരിൽ പാണക്കാട് ഹുസൈൻ തങ്ങളെ കലാപത്തിന് പ്രേരിപ്പിച്ചു എന്ന കുറ്റം ചുമത്തി വെല്ലൂർ ജയിലിലടച്ചു.

## പടപ്പാട്ടുകളുടെ സ്വാധീനം

പണ്ഡിതന്മാരിൽനിന്നും പരിഷ്കർത്താക്കളിൽനിന്നും പകർന്നുകിട്ടിയ സമരപാഠങ്ങൾക്കു പുറമെ മലബാർ മുസ്ലിംകളുടെ സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തെ നിർണയിച്ച മറ്റൊരു പ്രധാന ഘടകം പടപ്പാട്ടുകളാണ്. ഒരാശയത്തിനു വേണ്ടി രക്തസാക്ഷിത്വം വരിക്കുന്നതിനെ മഹത്തരമായി അടയാളപ്പെടുത്തുന്ന മഹാകവി മോയിൻകുട്ടി വൈദ്യരടക്കമുള്ളവരുടെ പടപ്പാട്ടുകൾ ഉന്നതമായ കലാസൃഷ്ടികളെന്നതോടൊപ്പംതന്നെ സോദ്ദേശ്യപരമായ രചനകൾ കൂടിയായിരുന്നു. വൈദ്യരുടെ *ബദ്ർ പടപ്പാട്ടി*ലും *ഉഹുദ് പടപ്പാട്ടി*ലും അറേബ്യൻ പശ്ചാത്തലവും ഇസ്ലാമികചരിത്രവുമാണ് പ്രത്യക്ഷത്തിൽ വരുന്നതെങ്കിലും അതിന്റെ അടിയടരുകളിൽ അന്യായത്തിനും അക്രമത്തിനുമെതിരെ തപിച്ചുയരുന്ന ഒരു സമൂഹത്തിന്റ ചിത്രം തെളിഞ്ഞുനിൽക്കുന്നുണ്ട്. മലബാറിലെ മുസ്ലിം സമൂഹം നേരിട്ട് അവയിൽ കടന്നുവരുന്നില്ല. എന്നാൽ, പ്രവാചക കാലത്തെപ്പോലെ മുസ്ലിം സമൂഹം അനീതിക്കും അക്രമത്തിനുമിരയാകുന്ന ചരിത്രസന്ദർഭത്തിലായിരുന്നു ഇതിന്റെ രചന എന്നത് ശ്രദ്ധേയമാണ്. അദ്ദേഹം തന്നെ രചിച്ച *മലപ്പുറം പടപ്പാട്ടാ*കട്ടെ സ്വത്വാഭിമാനത്തിനു വേണ്ടി മലബാർ മുസ്ലിംകൾ നടത്തിയ പോരാട്ടത്തെ കൊണ്ടാടുന്നതാണ്. മഹാകവിയുടെ കാലത്തും പിൽക്കാലത്തും ശക്തിപ്രാപിച്ച കോളനിവിരുദ്ധ മനോഭാവങ്ങളെയും സമരങ്ങളെയും നേരിട്ട് സ്വാധീനിക്കാൻ ഈ കൃതികൾക്ക് കഴിഞ്ഞു. ഇത് തിരിച്ചറിഞ്ഞ അധികാരികൾ 'അപകടകാരിയായ' ഈ കവിയെപ്പറ്റിയും അദ്ദേഹത്തിന്റെ കാവ്യങ്ങളെപ്പറ്റിയും പഠിച്ചെഴുതാൻ വിദഗ്ധരെ നിയോഗിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ബ്രിട്ടീഷ് മലബാറിൽ പോലീസ് ഉദ്യോഗസ്ഥനായിരുന്ന എഫ്. ഫോസ്റ്റ് ഇംഗ്ലീഷിലെഴുതിയ പഠനമാണ് വൈദ്യരെപ്പറ്റി കണ്ടുകിട്ടിയ ഏറ്റവും ആദ്യത്തെ രേഖ. 1909-ൽ വെളിച്ചം കണ്ട ഈ രേഖയിൽ കവിയുടെ കൽപനാവൈഭവത്തെയും വർണനാ പാടവത്തെയും പുകഴ്ത്തിയ കൂട്ടത്തിൽ അവക്ക് സമൂഹത്തിലുള്ള സ്വാധീനം എടുത്തുപറയുകയും ചെയ്തിട്ടുണ്ട് (അവലംബം: *മഹാകവി മോയിൻകുട്ടി വൈദ്യർ പഠനങ്ങൾ.* എഡി. കെ.എം. അഹ്മദ്). മോയിൻകുട്ടി വൈദ്യരുടെ *മലപ്പുറം പടപ്പാട്ടി*ന് ബ്രിട്ടീഷുകാർ നിരോധം ഏർപ്പെടുത്തിയത് അതിന്റെ സ്വാധീനത്തെയാണ് വെളിപ്പെടുത്തുന്നത്. ചേറ്റുവായ് പരീക്കുട്ടിയുടെ *ഫുതൂഹുശ്ശാം പടപ്പാട്ട്*, ചേറൂർ സ്വദേശികളായ മമ്മദ് കുട്ടിയും മുഹ്യിദ്ദീനും ചേർന്നെഴുതിയ *ചേറൂർ പടപ്പാട്ട്*, പരപ്പനങ്ങാടിയിലെ ഖയ്യാത്ത് രചിച്ച *ചേറൂർ ചിന്ത്* തുടങ്ങിയവയും മലബാർ മുസ്ലിംകളുടെ സാമ്രാജ്യത്വവിരുദ്ധതയെ ത്രസിപ്പിച്ച പാട്ടുകളാണ്.

## മലബാർ സമരം

പരമ്പരാഗത മതപണ്ഡിതന്മാരിൽനിന്ന് വേറിട്ട് സഞ്ചരിച്ച മമ്പുറം തങ്ങൾ മുതൽ അവുക്കോയ മുസ്ലിയാർ വരെ

യുള്ളവർ ഒരുക്കിയ ആശയപരിസരവും പടപ്പാട്ടുകളിലൂടെ പകർന്നുകിട്ടിയ പോരാട്ടവീര്യവും, ലോകമുസ്‌ലിംകളെ ഒന്നിപ്പിച്ചുനിർത്തിയ ഉസ്മാനിയാ ഖിലാഫത്തിന്റെ തകർച്ച സൃഷ്ടിച്ച മനോവ്യഥയും അത് പുനഃസ്ഥാപിക്കാനുള്ള ഉൽക്കടമായ ആഗ്രഹവും രാജ്യത്തിന്റെ സ്വാതന്ത്ര്യം എന്ന സ്വപ്നവും ഒരുമിച്ചുചേർന്ന് അതിശക്തമായ സാമ്രാജ്യത്വവിരുദ്ധ സമരമായി വികാസം പ്രാപിച്ചതാണ് 1921-ലെ മലബാർ സമരം. ആലി മുസ്‌ലിയാരെയും വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെയും പോലുള്ള പക്വമതികളുടെ നേതൃത്വം സമരത്തിന് ദിശാബോധം നൽകുകയും ചെയ്തു. ഈ സമരത്തിന്റെ ചില ഘട്ടങ്ങളിലെങ്കിലും സമരലക്ഷ്യത്തോട് നീതിപുലർത്താത്ത ചില വ്യതിയാനങ്ങളും വ്യതിചലനങ്ങളും സംഭവിച്ചിട്ടുണ്ട്. അതിനെ ന്യായീകരിക്കേണ്ട ഒരു ബാധ്യതയും നമുക്കില്ല. ചരിത്രത്തിലെ പല സാമൂഹിക വിപ്ലവങ്ങളിലും സംഭവിച്ചിട്ടുള്ളതുപോലെ ഈ സമരത്തെയും സ്വാർഥതാൽപര്യങ്ങൾക്കായി ദുരുപയോഗപ്പെടുത്താൻ ചില വിവരദോഷികൾ ശ്രമിച്ചതാണ് ഈ വ്യതിയാനത്തിന് കാരണം. അത്തരം വ്യതിയാനങ്ങളെ തടയാനും തിരുത്താനും സമരനേതാക്കളായ ആലി മുസ്‌ലിയാരും വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും അപ്പപ്പോൾ ഇടപെടുകയും ചെയ്തിരുന്നു. നടേ പറഞ്ഞ വ്യതിയാനങ്ങൾ ഒഴിച്ചുനിർത്തിയാൽ ഈ സമരത്തിന്റെയും ഒരു പ്രധാന സവിശേഷത അതിൽ നിലനിന്ന സാമുദായിക സഹവർത്തിത്വമാണ്. ബ്രഹ്മദത്തൻ നമ്പൂതിരിയെയും എം.പി നാരായണ മേനോനെയും പോലുള്ള ഹൈന്ദവ നേതാക്കൾ സമരത്തിന്റെ പേരിൽ മാപ്പിളമാരോടൊപ്പം ദീർഘകാലം ജയിൽശിക്ഷ അനുഭവിച്ചത് ഈ സമരത്തിൽ നിലനിന്ന സാമുദായിക സഹവർത്തിത്വത്തിന്റെ മികച്ച ദൃഷ്ടാന്തമാണ്.

ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെ ദേശീയ പ്രസ്ഥാനത്തിലെത്തുകയും ഇന്ത്യൻ സ്വാതന്ത്ര്യപോരാട്ടത്തിലെ ഗർജിക്കുന്ന സിംഹമായി മാറുകയും ചെയ്ത മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിലെ പോരാളിയെ രൂപപ്പെടുത്തിയ ആശയ പശ്ചാത്തലവും ഇതിൽനിന്ന് ഭിന്നമായിരുന്നില്ല. മൗലാനാ അബുൽകലാം ആസാദ് എഴുതിയ 'ഖിലാഫത്ത് ഓർ ജസീറതുൽ അറബ്' എന്ന ലേഖനമാണ് അലീഗഢിലെ വിദ്യാർഥി ജീവിതം മതിയാക്കി സ്വാതന്ത്ര്യസമരത്തിന്റെ നടുത്തളത്തിലേക്ക് എടുത്തുചാടാൻ അദ്ദേഹത്തിന് പ്രചോദനമായത്. ആഗോള മുസ്‌ലിം ഐക്യത്തെയും ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ ഭാഗധേയത്തെയും കൂട്ടിയിണക്കി, ഖിലാഫത്ത് പ്രസ്ഥാനത്തിനും തദ്വാരാ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനും പ്രത്യയശാസ്ത്ര അടിത്തറ നൽകിയ രചനയാണിത്. രാജ്യത്തിന്റെ സ്വാതന്ത്ര്യമെന്ന കേവല വികാരത്തിനപ്പുറം ഇസ്‌ലാമിന്റെ വിമോചനാത്മക ഉള്ളടക്കമാണ് അബ്ദുർറഹ്മാൻ സാഹിബിനെ പോലുള്ളവരുടെയും സാമ്രാജ്യത്വവിരുദ്ധ മനോഭാവത്തെ നിർണയിച്ച അടിസ്ഥാന ഘടകമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം.

തങ്ങൾ ജീവിച്ച കാലഘട്ടത്തിലെ രാഷ്ട്രീയ-സാംസ്കാരിക സംഘർഷങ്ങളെയും സമസ്യകളെയും യഥാവിധം തിരിച്ചറിയുകയും അതിനെ ആദർശത്തിന്റെ ഭൂമികയിൽനിന്ന് പുനർവ്യാഖ്യാനിച്ചുകൊണ്ട് അവയോട് സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ച് ജനതക്ക് ദിശാബോധം നൽകുകയും ചെയ്യുമ്പോഴാണ് ഒരു പണ്ഡിതൻ വിപ്ലവകാരിയാകുന്നത്. ശൈഖ് സൈനുദ്ദീൻ മഖ്ദൂം, ഖാദി മുഹമ്മദ്, ശൈഖ് മാമുക്കോയ, മമ്പുറം അലവി തങ്ങൾ, മമ്പുറം ഫസൽ പൂക്കോയ തങ്ങൾ, വെളിയങ്കോട് ഉമർ ഖാദി, പാണക്കാട് ഹുസൈൻ തങ്ങൾ, ആലി മുസ്‌ലിയാർ തുടങ്ങിയവർ ഈ വിപ്ലവദൗത്യം നിർവഹിച്ച മതപണ്ഡിതന്മാരാണ്. ആഗോളവത്കരണത്തിന്റെ മറവിൽ നവസാമ്രാജ്യത്വം നമ്മുടെ ജീവിതത്തെയും സംസ്കാരത്തെയും കുഴമറിക്കാനും മണ്ണും വെള്ളവും കൈയടക്കാനും പദ്ധതികളാസൂത്രണം ചെയ്യുന്ന പുതിയ കാലത്ത്, മതത്തെ വിമോചനപരമായി ഉപയോഗിച്ച ഈ മഹാന്മാരെ ഓർക്കുകയും അവരുടെ സാമൂഹിക ഇടപെടലുകളെ യഥാവിധം പഠിക്കുകയും ചെയ്യേണ്ടത് സാമ്രാജ്യത്വവിരുദ്ധ പടയണിയിൽ അണിചേർന്ന എല്ലാവരുടെയും ബാധ്യതയാണ്. ■ (അവസാനിച്ചു)